(*a*) how many veterinary doctors are there in the Union specially trained at Government expenses, in order to popularise artificial insemonation to improve live-stock;

(*b*) will the Government be pleased to start artificial insemonation centres for cattle at least in important areas throughout the Union; and

(*c*) is there any such centre in any part of the Union at present?

Minister for Public Works, Communications and Agriculture **(Sri. E. John Philipose):**

(*a*) Nine.

(*b*) Yes. The Pilot Key Village Scheme for improvement of Livestock proposed to be started in two centres at Trivandrum and Trichur includes arrangements for artificial insemonation also.

(*c*) Yes; at Pettah, Trivandrum. The Veterinary Surgeon, Mattancheri is also doing this work.

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗീയ സ്കൂളുകൾ

* ൧൦൭൭. (൯൮) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചെറുപ്പകാലത്തുതന്നെ വർഗ്ഗീയമനഃസ്ഥിതി കുട്ടികളുടെ ഇടയിൽ വളർത്തുവാൻ സഹായകമായ വിഭാഗീയ സ്കൂളുകൾ നിർത്തണമെന്ന നിയമസഭാ സാമാജികന്മാരിൽനിന്നും പൊതുജനങ്ങളിൽനിന്നും നിവേദനങ്ങൾ ലഭിക്കുകയുണ്ടായോ;

(ബി) ഇത്തരം സ്കൂളുകൾ, ഈ സ്കൂൾവർഷത്തിന്റെ ആരംഭത്തിൽതന്നെ നിർത്തുന്നതാണെന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി നിയമസഭയ്ക്കകത്തും പുറത്തും അസന്നിഗ്ദ്ധമായ ഭാഷയിൽ പ്രസ്താവിക്കയുണ്ടായോ;

(സി) എന്നാൽ ഇനിയും ഇത്തരം സ്കൂളുകൾ തുടരുന്നതിനുള്ള കാരണമെന്ത്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ചില നിവേദനങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഇതിനെപ്പറ്റി ആലോചിച്ചു വേണ്ടതു ചെയ്യാമെന്നു പറയുകയുണ്ടായിട്ടുണ്ട്.

(സി) അവയെ നിർത്തൽചെയ്യുന്നതിനെപ്പറ്റി ആലോചിച്ചുവരികയാണ്. പുതിയ പ്രാഥമികവിദ്യാഭ്യാസപദ്ധതി നടപ്പിൽ വരുന്നതോടുകൂടി ഇത്തരം സ്കൂളുകൾ തീരെ ഇല്ലാതാവുന്നതാണ്.

പട്ടിക ജാതിവിദ്യാർത്ഥികൾക്ക് സൗജന്യം

* ൧൦൭൮. (൯൯) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഗവണ്മെണ്ടിൽനിന്നും പ്രൈമറി സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യമായി കൊടുത്തുവന്നിരുന്ന പാഠപുസ്തകങ്ങൾ ഇക്കൊല്ലവും കൊടുത്തുവോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ): കൊടുത്തിട്ടുണ്ട്. ഈ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യത്തിലെ അവസാനഭാഗം ഉദിക്കുന്നില്ല.